(ബി, സി) ഇലക്ട്രിസിറ്റി എന്താവശ്യത്തിന് ഉപയോഗിക്കുന്നു എന്നതിനെ ആസ്പദമാക്കിയാണ് അതിന്റെ താരിഫ് നിശ്ചയിക്കുന്നത്. ഓരോ വിഭാഗത്തിനും വ്യത്യസ്ത താരിഫ് നിരക്കുകളാണുള്ളത്. വൈദ്യുതിയുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് യൂണിറ്റിന്റെ നിരക്കിൽ വ്യത്യാസം വരുന്നു. ആയതിനാൽ ബില്ലിന്റെ മറുപുറത്ത് ഓരോ ഉപഭോക്താവും വൈദ്യുതിക്ക് നൽകേണ്ട വില രേഖപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

വോൾട്ടേജ് ക്ഷാമംമൂലം കുടിവെള്ള പദ്ധതിയുടെ തടസ്സം

19 [337] **ശ്രീ. യു. സി. രാമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം മണ്ഡലത്തിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താനൂർ കാക്കശ്ശേരി കുടിവെള്ള പദ്ധതി വോൾട്ടേജ് ക്ഷാമംമൂലം പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുക്കം സെക്ഷന്റെ പരിധിയിൽ നിന്നും മാവൂർ കെ.എസ്.ഇ.ബി. സെക്ഷന്റെ കീഴിലേയ്ക്ക് ഈ പദ്ധതിയുടെ കണക്ഷൻ മാറ്റിയാൽ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ കണക്ഷൻ എന്ന് മാറ്റി നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഒരു മാസത്തിനകം മാറ്റി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

20 [338] **ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2002-ന് മുമ്പ് ഒപ്പുവെച്ച ഏതൊക്കെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികളാണ് കാസർഗോഡ് ജില്ലയിലെ പീലിക്കോട്, തൃക്കരിപ്പൂർ, പടന്ന, ഭീമനടി, നീലേശ്വരം സെക്ഷനുകളിലും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ, പാടിയോട്ടുചാൽ, വെള്ളൂർ സെക്ഷനുകളിലും ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നും എപ്പോൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മറ്റുള്ളവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പീലിക്കോട്, തൃക്കരിപ്പൂർ, പടന്ന, കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ എന്നീ സെക്ഷനുകളിൽ ഒന്നും തന്നെ ഇല്ല. ബാക്കിയുള്ള സെക്ഷനുകളിലെ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) 31-3-2002-ന് മുമ്പ് മിനിമം ഗ്യാരണ്ടി വച്ചിട്ടുള്ള ജോലികൾ 31-3-2005-ന് മുമ്പ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ തീർക്കുന്നതാണ്.

ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി

21 [339] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭ്യമല്ലാത്ത ആദിവാസി മേഖലകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഈ മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ മേഖലകളിൽ അനർട്ട് പോലുള്ള ഏജൻസികളുടെ പ്രവർത്തനം വ്യാപകമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ നിന്നും അനർട്ട് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 1521 കോളനികളിൽ 1114 എണ്ണം പൂർണ്ണമായും ശേഷിക്കുന്ന 407 എണ്ണം ഭാഗികമായും വൈദ്യുതീകരണം നടന്നിട്ടില്ലാത്തവയാണെന്ന് കണ്ടെത്തിയിരുന്നു. 434 കോളനികളിലായി 20486 ആദിവാസി കുടുംബങ്ങൾ അധിവസിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്. വൈദ്യുതികടന്നുചെന്നിട്ടില്ലാത്ത എല്ലാ പിന്നോക്ക പ്രദേശങ്ങളിലും, വെളിച്ചം എത്തിക്കുവാനുള്ള ഒരു തീവ്രയത്ന പരിപാടി ഊർജ്ജ വകുപ്പു നടത്തിവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള വൈദ്യുത ശൃംഖലയുടെ അടുത്തു സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ, കേരള സംസ്ഥാന വൈദ്യുതി ബോർഡുവഴി വൈദ്യുതീകരിക്കാനും, സമീപഭാവിയിൽ വൈദ്യുതീകരണം നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള പിന്നോക്ക വിദൂര പ്രദേശങ്ങൾ, അനർട്ട് വഴി വൈദ്യുതീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly